# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 345 - 18/10/2016 - ലെ മറുപടിക്ക്**

**കടാശ്വാസ പദ്ധതി**

**ചോദ്യം** | **ഉത്തരം**

**ശ്രീ.വി.അബ്ദുറഹിമാൻ**
**ശ്രീ.എം.എം.മണി**
**ശ്രീ.സി.കെ.ശശീന്ദ്രൻ.**
**ശ്രീ.എം.നൗഷാദ്**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| (എ) | നഴ്സിംഗ്, എഞ്ചിനീയറിംഗ് മുതലായ പ്രൊഫഷണൽ വിദ്യാഭ്യാസ ആവശ്യത്തിനായി വായ്പയെടുത്ത് കടക്കെണി യിലായവരെ രക്ഷിക്കാനായി സർക്കാർ പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | വിദ്യാഭ്യാസ ആവശ്യത്തിനായി വായ്പ എടുത്ത് കണക്കെണിയിലായവരെ രക്ഷിക്കാനായി സർക്കാർ ഒരു കടാശ്വാസ പദ്ധതി 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ പ്രകാരം കുടിശികയായ വായ്പാ തുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശികയായ വായ്പ തിരിച്ചടക്കാൻ സർക്കാർ സഹായിക്കുന്നതാണ്. കൂടാതെ തൊഴിൽ ലഭിക്കുന്നതു വരെ തിരിച്ചടവിന് മോറട്ടോറിയം നൽകാൻ ബാങ്കുകൾ തയ്യാറാകണമെന്നും അനൗപചാരിക മേഖലയിൽ ജോലിയെടുക്കുന്നവർക്ക് അവരുടെ ശമ്പളത്തിന്റെ നാലിലൊന്നിലേറെ തിരിച്ചടവായി ഈടാക്കാൻ പാടില്ലായെന്നും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു. |
| (ബി) | പദ്ധതി പ്രാവർത്തികമാക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കേഴ്സ് സമിതിയുമായി ചർച്ചകൾ എന്തെങ്കിലും നടത്തിയോ; എങ്കിൽ അവരുടെ നിലപാട് എന്തായിരുന്നുവെന്ന് അറിയിക്കാമോ; | ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് എസ്.എൽ.ബി.സി യുമായി ചർച്ചകൾ നടത്തി വരുന്നു. |
| (സി) | തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിൽ നിന്ന് ഒഴിവ് നൽകുവാനും ഇക്കാലയളവിലെ പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ? | |

*അക്കൗണ്ട്സ് ഓഫീസർ*